പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 227

# 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 227

# 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

865/2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 227

# 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008 ജൂൺ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2006-ലെ 24), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ (ജി) ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയ്ക്കുപകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ 1948-ലെ ഫാക്ടറീസ് ആക്റ്റോ, 1951-ലെ പ്ലാന്റേഷൻ ലേബർ ആക്റ്റോ ബാധകമായിട്ടുള്ള സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളി ഈ ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ല.".

865/2008.

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിലെ (ഇ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ്) സ്ഥിരമായ ശാരീരിക അവശതമൂലം രണ്ട് വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ അറുപത് വയസ്സ് തികയുകയോ ചെയ്തിട്ടുള്ള അംഗങ്ങൾക്ക് അവർ അടച്ച അംശദായത്തുക തിരികെ നൽകുന്നതിന്.".

4. '3എ' എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3എ. കേരള തൊഴിലാളി ക്ഷേമനിധിയിൽ അംഗമായതും ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്നതുമായ തൊഴിലാളി നിധിയിലെ അംഗമാണെന്ന്.— (1) 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1977-ലെ 11) എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള തൊഴിലാളി ക്ഷേമനിധിയിൽ അംഗമായതും 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ (1960-ലെ 34) പരിധിയിൽ വരുന്നതുമായ ഒരു തൊഴിലാളി ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളി ആയിരിക്കുന്നതും ഈ ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിൽ അംഗമാകേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അംഗമാകുന്ന തൊഴിലാളി, 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിൻകീഴിലുള്ള തൊഴിലാളി ക്ഷേമനിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്.".

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 27) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1. 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 2-ാം വകുപ്പിൽ 'തൊഴിലാളി' എന്ന നിർവ്വചനത്തിലുള്ള ക്ലിപ്ത നിബന്ധനയിൽ കേരള സർക്കാരിന്റെ മറ്റേതെങ്കിലും ക്ഷേമനിധിയിലെ അംഗങ്ങളെയും, 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ വ്യവസ്ഥകളിൽ നിന്നും സർക്കാർ ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളെയും,



നിലവിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഏതെങ്കിലും ആനുകൂല്യം ലഭിക്കുന്നവരെയും ഈ ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥ വ്യാഖ്യാനം ചെയ്ത് പല സ്ഥാപനങ്ങളും ഈ ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിഞ്ഞുമാറാനും അംഗത്വം എടുക്കാതിരിക്കാനും ശ്രമിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതിനകം അനവധി കേസുകളും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ടു. ആയതിനാൽ, 'തൊഴിലാളി' എന്ന നിർവ്വചനത്തിലുള്ള ക്ലിപ്ത നിബന്ധനയിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരേണ്ടതുണ്ട്. പ്രസ്തുത നിർവ്വചനത്തിലെ 'മറ്റേതെങ്കിലും ക്ഷേമനിധി' എന്നുള്ളതിൽ കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡും ഉൾപ്പെടുന്നതിനാൽ ടി ബോർഡിൽ തങ്ങളുടെ തൊഴിലാളികൾക്ക് അംഗത്വം എടുത്തിട്ടുള്ളതിനാൽ, കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് ബാധകമല്ല എന്നുള്ളതാണ് ചില തൊഴിലുടമകളുടെ വാദം. എന്നാൽ, ഈ ആക്റ്റ് പ്രകാരം ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് മേഖലയിലുള്ള തൊഴിലാളികൾക്കുമാത്രമായി മെച്ചപ്പെട്ട ക്ഷേമ പദ്ധതികൾ വ്യവസ്ഥ ചെയ്തിട്ടുള്ള തിനാലും നിലവിൽ കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളികളെ പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി ഈ ആക്റ്റിന്റെ കീഴിൽ കൊണ്ടുവരാൻ പ്രത്യേക വ്യവസ്ഥ ആവശ്യമായിവന്നു.

2. അതുപോലെ ഈ ഫണ്ടിലേക്ക് തൊഴിലാളി അടച്ചതുക അവർ പിരിഞ്ഞു പോകുമ്പോഴോ ശാരീരിക അവശതമൂലം ജോലി ചെയ്യാനാകാതെ വരുമ്പോഴോ തിരിച്ചു നൽകാൻ വ്യവസ്ഥയില്ലാത്തതും പദ്ധതിയുടെ പോരായ്മയായി സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിരുന്നു. ഇത് പരിഹരിക്കാനായി 3-ാം വകുപ്പിലും ഒരു ഭേദഗതി ആവശ്യമാണ്. കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളായ തിനാൽ നിയമഭേദഗതി അടിയന്തിരമായി കൊണ്ടുവരേണ്ടതുണ്ടായിരുന്നു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം നടപ്പാക്കുന്നതിന് സത്വര നിയമനിർമ്മാണം നടത്തേണ്ട സാഹചര്യം നിലനിന്നിരുന്നതിനാലും, കേരള ഗവർണ്ണർ 2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 17) 2008 ജൂൺ മാസം 10-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2008 ജൂൺ 10-ാം തീയതിയിലെ 1167-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2008-ലെ 17-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 204-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2008 ജൂൺ 23-ാം തീയതി

ആരംഭിച്ച് ജൂലൈ 24-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല. ആയതിനാൽ 2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 27) 2008 ആഗസ്റ്റ് മാസം 1-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2008 ആഗസ്റ്റ് മാസം 2-ാം തീയതിയിലെ 1680-ാം കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും, പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. ഗുരുദാസൻ.



## 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (2006-ലെ 24) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

** ** **

2. നിർവചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം.—

(എ) ''ബോർഡ്'' എന്നാൽ 6-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു.

** ** **

** ** **

(ജി) ''തൊഴിലാളി'' എന്നാൽ 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ (1960-ലെ 34) പരിധിയിൽ വരുന്ന തൊഴിലാളി എന്നർത്ഥമാകുന്നതും അതിൽ ആശുപത്രി, ആതുര ശുശ്രൂഷാലയം, വൈദ്യശാല, ഡിസ്പെൻസറി, മരുന്നുവിൽപ്പനശാല, പാരാമെഡിക്കൽ സ്ഥാപനം, പാഴ്സൽ സർവ്വീസ്, പെട്രോൾ-ഡീസൽ-ഓട്ടോ ഗ്യാസ് ബങ്കുകൾ, മത്സ്യ സംസ്കരണ സ്ഥാപനം, ഭക്ഷ്യ സംസ്കരണ സ്ഥാപനം, വസ്ത്ര നിർമ്മാണ സ്ഥാപനം, ഹോട്ടൽ, ഭോജനശാല, ഇറച്ചി വിൽപ്പനശാല, കമ്പ്യൂട്ടർ-കമ്പ്യൂട്ടർ അനുബന്ധ സേവന സ്ഥാപനം, അച്ചടിശാല, ടെലിഫോൺ ബൂത്ത്, കൊറിയർ സർവ്വീസ്, പാചക വാതക വിതരണ ഏജൻസി, ഹോസ്റ്റൽ, മലഞ്ചരക്ക് സംഭരണ വിപണന സ്ഥാപനം, ചെറുകിട കൊപ്ര സംസ്കരണ യൂണിറ്റ്, ചെറുകിട ഓയിൽ മിൽ, തുകൽ സംഭരണ സ്ഥാപനം, ചെറുകിട ചെരുപ്പ്-ബാഗ് നിർമ്മാണ സ്ഥാപനം, സിനിമാ തിയേറ്റർ, ഫോട്ടോ/ വീഡിയോ സ്റ്റുഡിയോ, ബേക്കറി, ഓട്ടോമൊബൈൽ - എഞ്ചിനീയറിംഗ് സ്ഥാപനം, ശബ്ദവും വെളിച്ചവും അലങ്കാരവും ലഭ്യമാക്കുന്ന സ്ഥാപനം എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലോ, കച്ചവട/വ്യാപാര സ്ഥാപനങ്ങളിലോ തൊഴിൽ ചെയ്യുകയും തൊഴിലുടമയിൽ നിന്നും നേരിട്ടോ അല്ലാതെയോ, കോൺട്രാക്ടർ മുഖേനയോ ഏജന്റ് മുഖേനയോ കരാർ വ്യവസ്ഥയിലോ അല്ലാതെയോ, വേതനം പറ്റുന്ന ആളും, സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളും, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, സർക്കാർ കാലാകാലങ്ങളിൽ, ഗസറ്റ് വിജ്ഞാപനംമൂലം, കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളിയായി പ്രഖ്യാപിക്കുന്ന മറ്റേതൊരാളും ഉൾപ്പെടുന്നതുമാകുന്നു.

എന്നാൽ കേരള സർക്കാരിന്റെ മറ്റേതെങ്കിലും ക്ഷേമനിധിയോ 1948-ലെ ഫാക്ടറീസ് ആക്റ്റോ, 1951-ലെ പ്ലാന്റേഷൻ ലേബർ ആക്റ്റോ ബാധകമായിട്ടുള്ള സ്ഥാപനങ്ങളിലും 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്

ആക്റ്റിലെ വ്യവസ്ഥകളിൽ നിന്നും സർക്കാർ ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളും നിലവിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഏതെങ്കിലും ആനുകൂല്യം ലഭിക്കുന്നവരും ഈ ക്ഷേമനിധിയിൽ ഉൾപ്പെടാത്തതുമാകുന്നു ;

** ** **

** ** **

3. കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി.—(1) സർക്കാരിന്, ഈ ആക്റ്റിന്റെ പരിധിയിൽവരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റ് പ്രകാരം "കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും ഈ പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നതും വേഗം ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) നിധിയിൽ താഴെപ്പറയുന്ന വരവ് കൊള്ളിക്കേണ്ടതാണ്, അതായത്:—

(എ) 4-ാം വകുപ്പ് പ്രകാരമുള്ള അംശദായങ്ങൾ ;

(ബി) 10-ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങിയ തുക ;

(സി) 20-ാം വകുപ്പ് പ്രകാരം വസൂലാക്കിയ നഷ്ടപരിഹാരം ;

(ഡി) ഭാരതസർക്കാരോ, സംസ്ഥാനസർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റുകളോ, വായ്പകളോ, അഡ്വാൻസുകളോ ;

(ഇ) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള ഏതൊരു സംഭാവനയും ;

(എഫ്) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാനായി മറ്റ് മാർഗ്ഗങ്ങളിൽ കൂടി ബോർഡ് ആർജ്ജിക്കുന്ന ഏതെങ്കിലും തുക ;

(ജി) പദ്ധതിപ്രകാരം ചുമത്തുന്ന ഫീസ് ;

(എച്ച്) പദ്ധതിയിലെ വ്യവസ്ഥകൾപ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക ;

(3) നിധി, 6-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡിനാൽ കൈകാര്യം ചെയ്യപ്പെടുന്നതുമാണ്.

(4) നിധി ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) സ്ഥിരമായ ശാരീരിക അവശതമൂലം രണ്ടുവർഷത്തിലധികമായി ജോലി ചെയ്യുവാൻ കഴിയാതിരിക്കുകയോ, അറുപത് വയസ്സ് തികയുകയോ ചെയ്തിട്ടുള്ളതും എന്നാൽ ഈ ആക്റ്റ് പ്രകാരമുള്ള ക്ഷേമപദ്ധതിയിൽ കുറഞ്ഞപക്ഷം പത്ത് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചതുമായ അംഗത്തിന് പെൻഷൻ നൽകുന്നതിന് ; കുറഞ്ഞപക്ഷം പതിനഞ്ച് വർഷക്കാലമെങ്കിലും തുടർച്ചയായി അംശദായം അടച്ച അംഗം മരിച്ചുപോയാൽ കുടുംബ പെൻഷൻ നൽകുന്നതിനും ;



(ബി) ഫണ്ടിലേക്ക് ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരാത്തതുമായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവത്തിന് പന്ത്രണ്ട് ആഴ്ചയും മാസം തികയാതെയുള്ള പ്രസവം, ഗർഭമലസൽ, നിയമപ്രകാരമുള്ള ഗർഭഛിദ്രം എന്നിവയ്ക്ക് ആറാഴ്ചവീതവും പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം പ്രസവകാല വേതനം നൽകുന്നതിന് :

എന്നാൽ, പ്രസവകാല വേതനം പരമാവധി രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(സി) മൂന്ന് വർഷമെങ്കിലും ഫണ്ടിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പെൺമക്കളുടെ വിവാഹച്ചെലവുകൾക്കോ, കുടുംബത്തിലെ ആശ്രിതരുടെ മരണം സംബന്ധിച്ച ചെലവുകൾക്കോ, സഹായധനം നൽകുന്നതിന് ;

(ഡി) ഒരു വർഷമെങ്കിലും ഫണ്ടിലേക്ക് തുടർച്ചയായി അംശദായമടച്ച അംഗങ്ങളായ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സർക്കാർ, ക്ഷേമനിധി ബോർഡുമായി ആലോചിച്ച് നിശ്ചയിക്കാവുന്ന ചില നിബന്ധനകൾക്ക് വിധേയമായി, വിദ്യാഭ്യാസാനുകൂല്യവും ഒരു വർഷത്തിൽ തൊണ്ണൂറ് ദിവസത്തിൽ കവിയാത്ത കാലയളവിലേക്ക് അയാളുടെ വേതനത്തിന് തുല്യമായ തുക ചികിത്സാ സഹായമായും നൽകുന്നതിന് ;

(ഇ) മൂന്ന് വർഷക്കാലമോ അതിലധികമോ തുടർച്ചയായി ഫണ്ടിലേക്ക് അംശദായം അടച്ച ഒരംഗം അസുഖംമൂലമോ അപകടംമൂലമോ മരിച്ചുപോയാൽ കാലാകാലങ്ങളിൽ പദ്ധതിയിൽ വ്യവസ്ഥചെയ്യുന്ന പ്രകാരം മരണാനന്തര സഹായധനം നൽകുന്നതിന്.

വിശദീകരണം.—ഒരു വർഷത്തിൽ ആറുമാസമോ അതിലധികമോ തുടർച്ചയായി അംശദായം അടച്ചവർ ആ വർഷം പൂർത്തിയാകുംവരെ അംഗമായി തുടർന്നതായി കണക്കാക്കേണ്ടതും അതനുസരിച്ച് പെൻഷൻ, മരണാനന്തര സഹായധനം എന്നിവ കണക്കാക്കേണ്ടതുമാണ്. ആറുമാസത്തിൽ താഴെയുള്ള സർവ്വീസ് കണക്കിലെടുക്കാവുന്നതല്ല.

(5) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

** ** **

** ** **